LIBRARY ARCHIVES Kerala Legislative Assembly

ജലസമൃദ്ധകേരളം പദ്ധതി

217(2686) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജലസമൃദ്ധകേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം അറിയിക്കുമോ ;

(സി) പദ്ധതിയുടെ കീഴിലെ എത്ര പ്രോജക്ടുകൾ ഇതുവരെ അംഗീകരിച്ചു; എത്രയെണ്ണം നടപ്പാക്കി ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രസ്തുത പദ്ധതികൾക്കായി എത്ര തുക നൽകി ; അതിന്റെ മാനദണ്ഡമെന്തായിരുന്നു ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ ഇപ്രകാരം ഒരു പദ്ധതി നടപ്പാക്കുന്നില്ല.

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

കോൺക്രീറ്റ് ബോട്ട് ജെട്ടികൾ

218(2687) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കൈനകരി പുത്തൻകായൽ ജെട്ടി, കൈനകരി ചാവറ ഭവൻജെട്ടി , ചേന്നംകരി അക്ഷരജെട്ടി, പുളിങ്കുന്ന് റ്റി.ആർ.റ്റി ബേഴ്സ് ജെട്ടി എന്നീ തടി ബോട്ട് ജെട്ടികൾ കോൺക്രീറ്റ് ജെട്ടികൾ ആക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) കാലപ്പഴക്കത്താൽ അപകടാവസ്ഥയിലുള്ള പ്രസ്തുത തടി ബോട്ടുജെട്ടികൾക്ക് പകരം കോൺക്രീറ്റ് ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകി സാമ്പത്തിക അനുമതി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത ജെട്ടികൾ കോൺക്രീറ്റ് ജെട്ടികളാക്കുന്നതിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ

219(2688) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയ പ്രദേശങ്ങൾ മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(ബി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പഴയ പദ്ധതികൾ എന്തൊക്കെയാണ് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികൾ കേന്ദ്രീകരിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ശുദ്ധജലക്ഷാമം അനുഭവിക്കുന്ന മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും ഏതൊക്കെയാണ് ; പ്രസ്തുത നഗരങ്ങളിലേയും പഞ്ചായത്തുകളിലേയും ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക

220(2689) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് സബ് ഡിവിഷനുകളിലും പ്രധാന പ്ലാന്റുകളിലും മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക ഉണ്ടായിരുന്നാൽ പ്ലാന്റുകളുടേയും അതോറിറ്റി പമ്പ് ഹൗസുകളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുമെന്ന വസ്തുത പരിഗണിച്ച് അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

GPM. 2/242/2020-41

LIBRARY ARCHIVES Kerala Legislative Assembly